"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ്- ഡ്രൈവർ തസ്തികയിൽ സേവനത്തിലിരിക്കെ അന്തരിച്ച ശ്രീ. രാധാകൃഷ്ണൻ.പി.കെയുടെ മകൻ ശ്രീ. ശ്രീഹരി.പി.കെയ്ക്ക് വനം വകുപ്പിൽ ഡ്രൈവർ തസ്തികയിൽ ആശ്രിതനിയമനം നൽകുന്നതിന് അനുമതി നൽകിയ ഉത്തരവ് -റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.198/2022/F&WLD    തീയതി, തിരുവനന്തപുരം, 04-05-2022.

---

പരാമർശം:- 1. 27.10.2020 ലെ സ.ഉ(കൈ) നം.17/2020/വനം നമ്പർ ഉത്തരവ്.

2. 27.04.2021 ലെ സ.ഉ.(കൈ) നം.8/2021/വനം നമ്പർ ഉത്തരവ്.

3. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 12.10.2021, 22.01.2022 തീയതികളിലെ ഇ6-127875/2020 നമ്പർ കത്തുകൾ.

<u>ഉത്തരവ്</u>

വനം വന്യജീവി വകുപ്പിൽ ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യവേ 07.11.2018 ൽ അന്തരിച്ച ശ്രീ. രാധാകൃഷ്ണൻ.പി.കെയുടെ മകൻ ശ്രീ. ശ്രീഹരി.പി.കെയ്ക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം, വനം വകുപ്പിൽ കോഴിക്കോട് ജില്ലയിൽ, ക്ലർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ക്ലർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ, കോഴിക്കോട് ജില്ലയിൽ വനം വകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിയമനം നൽകണമെന്ന ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി, ടിയാന് കോഴിക്കോട് ജില്ലയിൽ വനം വകുപ്പിൽ നിലവിലുള്ള ഡ്രൈവർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവാകുകയുണ്ടായി.

2. ഫോറസ്റ്റ് ഡ്രൈവർ തസ്തികയിലേയ്ക്ക് പരിഗണിക്കുന്നതിന് എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളും ഓടിക്കുന്നതിനുള്ള ലൈസൻസും മൂന്ന് വർഷത്തെ പ്രവർത്തി പരിചയവും ആവശ്യമാണെന്നും ടി യോഗ്യതകൾ അപേക്ഷകന് ഇല്ലാത്തതിനാൽ റവന്യൂ തദ്ദേശസ്വയംഭരണം, ജിയോളജി വകുപ്പ്, എന്നിവയിലോ ലൈറ്റ് മോട്ടോർ വെഹിക്കിൾ ലൈസൻസ് മാത്രം ആവശ്യമുള്ള മറ്റേതെങ്കിലും വകുപ്പിലേയ്ക്കോ നിയമനം നൽകണമെന്ന ടിയാന്റെ അപേക്ഷ ശുപാർശ സഹിതം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) പരാമർശം (3) പ്രകാരം ലഭ്യമാക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വനം വന്യജീവി വകുപ്പിൽ ഡ്രൈവർ തസ്തികയിൽ നിയമിക്കുന്നതിനുള്ള യോഗ്യത ശ്രീ. ശ്രീഹരി.പി.കെ.യ്ക്ക്

ഇല്ലാത്തതിനാൽ, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീ. ശ്രീഹരി.പി.കെ, പേടങ്ങൽ, കിഴക്കേവളപ്പിൽ വീട്, എകരൂർ പി ഒ, കോഴിക്കോട്- 673 574. (രജിസ്റ്റേർഡ് തപാൽ/മടക്ക രസീത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Noushad S
Date: 04-05-2022 13:03:58
സെക്ഷൻ ഓഫീസർ.